"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതാശിശുവികസന വകുപ്പ് — അങ്കണവാടി സർവീസസ് — ജോലിയ്ക്കിടയിൽ കാട്ടുപന്നി ആക്രമണം മൂലം പരിക്കേറ്റ ഒറ്റപ്പാലം അഡീഷണൽ ഐ സി ഡി എസ് പ്രോജക്ടിലെ അങ്കണവാടി വർക്കർ ശ്രീമതി. സലീന കെ. -യ്ക്ക് പ്രത്യേക അവധി അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനിതാശിശുവികസന (ബി) വകുപ്പ്

സ.ഉ.(സാധാ) നം.256/2026/WCDD തീയതി,തിരുവനന്തപുരം, 31-07-2026

---

പരാമർശം:-

1. ശ്രീമതി. സലീന കെ., അങ്കണവാടി വർക്കർ, ഒറ്റപ്പാലം അഡീഷണൽ ഐ സി ഡി എസ് പ്രോജക്ട് -ന്റെ അപേക്ഷ, തീയതി 26/09/2025.
2. വനിതാശിശുവികസന വകുപ്പ് ഡയറക്ടറുടെ കത്ത് നം. DWCD/3278/2025-ICDSB7, തീയതി 15/11/2025.

**ഉത്തരവ്**

പാലക്കാട് ഒറ്റപ്പാലം അഡീഷണൽ പ്രോജക്ട് പരിധിയിലുള്ള നെല്ലായ ഗ്രാമപഞ്ചായത്തിലെ സെന്റർ നമ്പർ 127 അങ്കണവാടിയിലെ സ്ഥിരം വർക്കർ തസ്തികയിൽ സേവനം അനുഷ്ഠിച്ച് വരുന്ന ശ്രീമതി. സലീന കെ, ജോലിയുടെ ഭാഗമായി 08/04/2025-ന് വാണിയംകുളം പഞ്ചായത്ത് ഹാളിൽ ചേർന്ന പ്രൊജക്റ്റ് മീറ്റിംഗിൽ പങ്കെടുത്ത ശേഷം വീട്ടിലേയ്ക്ക് മടങ്ങവെ കാട്ടുപന്നിയുടെ ആക്രമണത്തിൽ നട്ടെല്ലിന് ഗുരുതരമായി പരിക്ക് പറ്റി കിടപ്പിലാവുകയും അതേത്തുടർന്ന് ഡോക്ടർ ശ്രീമതി. സലീനയ്ക്ക് 3 മാസത്തെ വിശ്രമം നിർദേശിയ്ക്കുകയുമുണ്ടായി. 3 മാസത്തെ അവധിയ്ക്ക് ശേഷവും പരിക്ക് പൂർണ്ണമായും ഭേദമാകാത്തതിനാൽ ജോലിക്ക് പോകാൻ കഴിയാതെ ശ്രീമതി. സലീന തുടർന്നും വിശ്രമത്തിലാണെന്നും തനിയ്ക്ക് 09/04/2025 മുതൽ 9 മാസം ഓണറേറിയത്തോടുകൂടിയ ഓണറേറിയത്തോടുകൂടിയ അവധി അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷയും മെഡിക്കൽ സർട്ടിഫിക്കറ്റും മറ്റു രേഖകളും ഉള്ളടക്കം ചെയ്തുകൊണ്ട്, ശ്രീമതി. സലീനയുടെ അപേക്ഷ ഒരു പ്രത്യേക കേസായി പരിഗണിച്ച് മാനുഷിക പരിഗണന നൽകി പ്രസ്തുത വ്യക്തിയ്ക്ക് 09/04/2025 മുതൽ 3 മാസത്തേക്ക് ഓണറേറിയത്തോടു കൂടിയ അവധി

അനുവദിച്ചുത്തരവാകണമെന്ന് ശിപാർശ ചെയ്തുകൊണ്ട് വനിതാശിശുവികസന വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജോലിയോട് അനുബന്ധിച്ച് യാത്ര ചെയ്യവേ കാട്ടുപന്നിയുടെ ആക്രമണത്തിൽ നട്ടെല്ലിനു ഗുരുതര പരിക്ക് പറ്റിയ, ഒറ്റപ്പാലം അഡീഷണൽ പ്രോജക്ട് പരിധിയിലുള്ള നെല്ലായ ഗ്രാമപഞ്ചായത്തിലെ സെന്റർ നമ്പർ 127 അങ്കണവാടിയിലെ സ്ഥിരം വർക്കർ ശ്രീമതി. സലീന കെ. -യ്ക്ക്, ഹാജരാക്കിയിരിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റും ടിയാളുടെ കുടുംബപശ്ചാത്തലവും ഡയറക്ടറുടെ ശിപാർശയും കണക്കിലെടുത്തുകൊണ്ട്, ടിയാളുടെ അപേക്ഷ ഒരു പ്രത്യേക കേസായി പരിഗണിച്ച് മാനുഷിക പരിഗണന നൽകി 09/04/2025 മുതൽ 3 മാസത്തേക്ക് ഓണറേറിയത്തോടു കൂടിയ അവധി അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ M S
അണ്ടർ സെക്രട്ടറി

ഡയറക്ടർ, വനിതാശിശുവികസന വകുപ്പ്.

ശ്രീമതി. സലീന കെ., അങ്കണവാടി വർക്കർ, ഒറ്റപ്പാലം അഡീഷണൽ ICDS, പാലക്കാട്

(വനിതാശിശുവികസന വകുപ്പ് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് ( WCD-1/324/2025-FIN (E: 3372002) Dated 20/06/2026 പ്രകാരം)

വെബ് & ന്യൂ മീഡിയ/ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Digitally signed by
Sithara Vijayan
Date: 01-08-2026
11:11:18

സെക്ഷൻ ഓഫീസർ